കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി3)1057/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ: 0487 – 2331249
ഇ-മെയിൽ: dotsr.ksad@kerala.gov.in
തീയതി:29.08.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-5, 3-2, 3-3, 3-10, 3-13, 3-14, 3-15, 3-16 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം കെ എസ് എ.ടി.എസ്.ആർ.(പി3)1057/2019 തിയ്യതി.29.08.2019

# തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.4.2018 മുതൽ 2.7.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 31.3.2019 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ (25 എണ്ണം) പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ 13 മറുപടികൾ പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിവരങ്ങൾ/വിശദീകരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ലത.എം.എൻ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4.7.2019 മുതൽ 12.7.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ശിവൻ.പി.എ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ. ബേബി.പി.വി., ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സിനിലാൽ.എം.ജി., അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോമോൻ.ഇ.കെ., അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. നിജു.സി.എസ്., |

| | |
|---|---|
| | ഓഡിറ്റർ |
| | ശ്രീമതി.വിദ്യ.ഒ.കെ., ഓഡിറ്റർ (10.7.19-12.7.19) |

<u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.ടി.വി.സുരേഷ്ബാബു. | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീ.മുഹമ്മദ് റഫീക്ക് | 01.04.18 മുതൽ 12.3.19 F.N. വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് | ശ്രീ.സുഹാസ് | 12-3-19 മുതൽ 31.3.19 വരെ |
| <u>നിർവ്വഹണോദ്യോഗസ്ഥർ</u> | | |
| കൃഷി ഓഫീസർ | അനിലാ മാത്യൂ | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സമീറ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.വിധു ഗംഗാധരൻ | 01.04.18 മുതൽ 24.12.18 വരെ |
| | ഡോ.അനുബേബി | 25.12.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ഹസീന | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.സിന്ധു എ എൽ | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.സിൽവൻ | 01.04.18 മുതൽ 31.12.18 വരെ |
| | ഡോ. ജിതേന്ദ്രൻ | 01.01.19 മുതൽ 31.03.19 വരെ |
| പ്രധാനാധ്യാപിക (ജി.എഫ്.എൽ.പി എസ്., കൈപ്പമംഗലം) | ബീന ഭായ് | 01.04.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ., കൂരിക്കുഴി | സനിത എ ആർ | 01.04.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ.,ചളിങ്ങാട്. | സുമേഷ് | 01.04.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ.,കൈപമംഗലം. | ബാബു | 01.04.18 മുതൽ |

| | | |
|---|---|---|
| | | 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | കുമാരി എം പി | 01.04.18 മുതൽ 31.07.18 വരെ |
| | | 01.08.18 മുതൽ 09.10.18 വരെ ഒഴിവ് |
| | സുഹാസ് | 10.10.18 മുതൽ 31.03.19വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഗീത. വി.എൻ | 01.04.18 മുതൽ 31.03.19 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ജീന ഗോപിനാഥ് | 01.04.18മുതൽ 31.03.19 വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം – 2 | |
| 13 | 2016-17 ലെ സാംഖ്യ ബാങ്ക് ബുക്ക് എൻട്രികൾ ക്രമീകരിക്കുവാനായി തൻവർഷം ചെലവ് രേഖപ്പെടുത്തി | 2-1 |
| 14 | 9871 രൂപ ട്രഷറി പേമെന്റ് | 2-2 |

| | | |
|---|---|---|
| | സാധൂകരിച്ചിട്ടില്ല | |
| 15 | പെർമിറ്റ് അപേക്ഷ തീർപ്പാക്കാൻ കാലതാമസം -നടപടി സ്വീകരിക്കേണ്ടതാണ് | 2-3 |
| 16 | രജിസ്റ്റർ-അനുബന്ധ ഫയലുകളുടെ പരിപാലനം എന്നിവയിലെ അപാകതകൾ | 2-4 |
| 17 | 2018-19 വസ്തുനികുതി പ്യൂരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമല്ല.നികതി കുടിശ്ശിക 561207/-രൂപ | 2-5 |
| 18 | അനധികൃത നിർമ്മാണ കെട്ടിടങ്ങൾ സഞ്ചയയിൽ ഡിമാന്റ് ചെയ്യുന്നില്ല-അപാകതകൾ | 2-6 |
| 19 | തൊഴിൽ നികുതി ഈടാക്കാത്തത് - അപാകതകൾ | 2-7 |
| 20 | വിമുക്തഭടൻമാരുടെ വസ്തു നികുതി ഒഴിവാക്കി നൽകൽ-സർക്കാർ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ല | 2-8 |
| 21 | പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നല്കൽ-ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരമില്ല | 2-9 |
| 22 | e-tender ഫോം ഫീ - AEയുടെ കറന്റ് അക്കൗണ്ടിലേക്ക് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-10 |
| | ഭാഗം – 3 | |
| 23 | ലൈഫ് പദ്ധതി-രണ്ടാം ഘട്ടം. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-1 |
| 24 | അനർഹമായി ഗുണഭോക്താവിന് നൽകിയ | 3-2 |

| | | |
|---|---|---|
| | ധനസഹായം – തുടർ നടപടി സ്വീകരിക്കണം | |
| 25 | ഗ്രാമപഞ്ചായത്തിന്റെ ഇക്കോഷോപ്പ്-നഷ്ടം കൂടാതെ പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-3 |
| 26 | മാലിന്യ സംസ്കരണ പദ്ധതികൾ- ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-4 |
| 27 | വയോജനങ്ങൾക്ക് കട്ടിൽ - അപേക്ഷകൾ മുഴുവൻ ഹാജരാക്കിയില്ല. | 3-5 |
| 28 | ബാലസഭ പ്രവർത്തന വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. | 3-6 |
| 29 | വനിതകൾക്ക് തൊഴിൽ - ഇരുചക്ര വാഹനം നൽകൽ- രേഖകൾ ഹാജരാക്കിയിട്ടില്ല | 3-7 |
| 30 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-8 |
| 31 | ഇന്ധന ക്ഷമത ടെസ്റ്റ്, മാസാന്ത്യ സംക്ഷിപ്തം എന്നിവ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. | 3-9 |
| 32 | ധനകാര്യ കമ്മീഷൻ അവാർഡ്-- വകയിരുത്തിയത് മാർഗ്ഗരേഖ പ്രകാരമല്ല. | 3-10 |
| 33 | സ്പോർട്സ് കിറ്റ് വിതരണം -കായിക വിനോദ സൗകര്യങ്ങൾ വികസിപ്പിക്കണം | 3-11 |
| 34 | മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. | 3-12 |
| 35 | ധനകാര്യകമ്മീഷൻ ഗ്രാന്റ് – മാർഗനിർദേശങ്ങൾ | 3-13 |

| | | |
|---|---|---|
| | പാലിക്കാതെ വിനിയോഗിച്ചു | |
| 36 | ബിൽ സൂക്ഷ്മപരിശോധന ആധികാരികമല്ല | 3-14 |
| 37 | തൊഴിലുറപ്പ് പദ്ധതി- അങ്കണവാടി നിർമാണം - അപാകതകൾ | 3-15 |
| 38 | 142-ാം നമ്പർ അങ്കണവാടിയുടെ അപര്യാപ്തതകൾ പരിഹരിക്കേണ്ടതാണ്. | 3-16 |
| | ഭാഗം – 4 | |
| 39 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 42 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-6 |
| 45 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| 48 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 49 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

31/03/2018 തീയതിയിലെ 1(1):ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് 67431772 രൂപയും പ്രതീക്ഷിത വരവ് 148368000/-രൂപയും പ്രതീക്ഷിത ചെലവ് 147534100/- രൂപയും നീക്കിയിരിപ്പ് 68265672 രൂപയും ആണ്. പുതുക്കിയ ബജറ്റ് വിവരം താഴെ ചേർക്കുന്നു.

| തീരുമാനം/ തീ | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1(1)/8.2.19 | 67431772 | 232048563 | 299480335 | 242133324 | 57347011 |
| 1(1)/29.3.19 | 67431772 | 232048563 | 299480335 | 242146324 | 57334011 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2019 | 17.4.2019 |

## 1-3 വാർഷിക ധനകാര്യപത്രിക,വാർഷിക റിപ്പോർട്ട് പരിശോധിച്ച വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019 | 5.7.19, 6.7.19 | കെ.എസ്.എ.ടി.എസ്.ആർ.(എസ്.1) 1120/19(31) തീയതി.21.08.19 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4078509 |
| വരവ് | 10,63,45,466 |
| ആകെ | 11,04,23,975 |
| ചെലവ് | 8,60,38,414 |
| നീക്കിയിരിപ്പ് | 2,43,85,561 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18842000 | 18842000 | 15448536 (+3390277-QBill) | 3393464 (-3390277-QBill) |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8688000 | 8688000 | 6550333 (+1018000-QBill) | 2137667 (-1018000-QBill) |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 182000 | 182000 | 0 | 182000 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11721000 | 11721000 | 10826127 (+836389-QBill) | 894873 (-836389-QBill) |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3930000 | 3930000 | 2803849 (+1038327-QBill) | 1126151 (-1038327-QBill) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8745000 | 8745000 | 8158419 (+586581-QBill) | 586581 (-586581-QBill) |
| കെ.എൽ.എസ്.ജി.ഡി.പി-കേന്ദ്രം (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| കെ.എൽ.എസ്.ജി.ഡി.പി -സംസ്ഥാനം (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 1000 | 30069 | 31069 | 30000 | 1069 |
| ഭവനനിധി | | 52624 | 102370 | 154994 | 150000 | 4994 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി+capital work cost (Rs.217138) | 0 | 20541000 | 20541000 | 20541000 | 0 |
| | മെറ്റിരീയൽ കോസ്റ്റ് | 0 | 710000 | 710000 | 710000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13948 | 479799 | 493747 | 478087 | 15660 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (അംഗൻവാടി-പോഷകാഹാരം, കളിപ്പാട്ടം) | | 860615 | 1014450 | 1875065 | 800000 | 1075065 |
| TSC-ശുചിത്വ മിഷൻ | | 0 | 2026867 | 2026867 | 204000 | 1822867 |
| TSC | | 25000 | 0 | 25000 | 0 | 25000 |
| കേരളോത്സവം | | 0 | 20000.00 | 20000.00 | 20000.00 | 0 |
| വിമുക്തി | | 24392 | 25000 | 49392 | 16900 | 32492 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്(opening -ve Balance -778372) | ബ്ലോക്ക് പഞ്ചായത്ത് | 138461 | 4458260 | 4596721 | 3713460 | 883261 |
| | ജില്ലാ പഞ്ചായത്ത് | 0 | 2701348 | 2701348 | 2061662 | 639686 |
| എസ്.ബി.ഐ ഇ-പേയ്മെന്റ് കറന്റ് | | 313798 | 136189 | 449987 | 380649 | 69338 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3094297 | 19317657 | 22411954 | 16916429 | 5495525 |
| | ട്രഷറി അക്കൗണ്ട് | 1134007 | 27225572 | 28359579 | 11215931 | 17143648 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 13260196 | 13260196 | 11215931 | 2044265 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 130321623 | 116 | 72046976 | 18 | 59 | 60.1 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13948 | 479799 | 493747 | 478087 | 15660 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,12,51,000 | 2,12,51,000 | 2,12,51,000 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം/DBT ട്രാൻസാക്ഷൻ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 90360.00 | 87(41+46) |
| കർഷകതൊഴിലാളി പെൻഷൻ | 3403300.00 | 273(863) |
| വിധവാപെൻഷൻ | 17882900.00 | 1477(4339) |
| വാർദ്ധക്യകാലപെൻഷൻ | 26513900.00 | 2345(6542) |
| വികലാംഗപെൻഷൻ | 5181300.00 | 429(1241) |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 741700.00 | 61(180) |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000.00 | 2 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.7.2019 3.20 P.M ന് സ്ഥാപന അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43414/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-10 ആഭ്യന്തരനിയന്ത്രണം

ബജറ്റിംഗ് മുതൽ പദ്ധതി നിർവ്വഹണവും, മോണിറ്ററിംഗും വരെയുള്ള കാര്യങ്ങളിൽ ആഭ്യന്തര നിയന്ത്രണം ദുർബ്ബലമാണ് എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

മതിയായ സ്ഥിതിവിവരകണക്കുകളുടെയും വ്യക്തമായ മുന്നാലോചനയുടെയും അടിസ്ഥാനത്തിലോ, ബജറ്റ് നിർമ്മാണ ചട്ടങ്ങളുടെ അന്ത:സത്ത ഉൾക്കൊണ്ടിട്ടോ അല്ല ബജറ്റിംഗ് നിർവ്വഹിച്ചിട്ടുള്ളത്. 18-19 ൽ മുന്നിരിപ്പ് 6.74 കോടി രൂപയും മതിപ്പ് വരവ് ചെലവ് യഥാക്രമം 23.20 കോടി രൂപയും 24.21 കോടി രൂപയും നീക്കിയിരിപ്പ് 5.73 കോടി രൂപയുമാണ്. എന്നാൽ യഥാർത്ഥ മുന്നിരിപ്പ് 40.78 ലക്ഷവും വരവ് ചെലവ് യഥാക്രമം 10.63 കോടി രൂപയും 8.60 കോടി രൂപയും നീക്കിയിരിപ്പ് 2.43 കോടി രൂപയുമാണ്. യഥാർത്ഥ വരവു ചെലവിന്റെ രണ്ടിരട്ടിയിലധികമാണ് മതിപ്പ് കണക്കാക്കിയിട്ടുള്ളത്.കൂടാതെ യാതൊരു ശാസ്ത്രീയ മാനദണ്ഡങ്ങളും പാലിക്കാത്തതു കൊണ്ടാണ് ഈ വലിയ അന്തരം സംഭവിച്ചിട്ടുള്ളത്. ആഭ്യന്തര നിയന്ത്രണത്തിനുള്ള ഏറ്റവും ഫലപ്രദമായ ഉപാധിയാണ് ബജറ്റ് എന്നിരിക്കെ, ഈ അവസ്ഥ ആഭ്യന്തര നിയന്ത്രണത്തിൽ ഏറ്റവും പ്രധാനമായ ധനകാര്യ മാനേജ്മെന്റിനെ മൊത്തത്തിൽ ദുർബലപ്പെടുത്തുന്നുണ്ട്.
വാർഷിക ധനകാര്യ പത്രികകൾ തമ്മിലും, പത്രികകളും അനുബന്ധ രജിസ്റ്ററുകളും തമ്മിലും പൊരുത്തമില്ലാത്തതും (ഖണ്ഡിക 1.12, 2.1, 2.2, 2.4) ആഭ്യന്തര നിയന്ത്രണത്തെ ദുർബലപ്പെടുത്തുന്ന മറ്റൊരു സൂചകമാണ്. വരവ് ഉറപ്പുവരുത്തുന്ന നടപടിക്രമങ്ങളിലെ അച്ചടക്കമില്ലായ്മ (ഖണ്ഡിക 2.5, 2.6, 2.7, 2.8, 2.9, 2.10), ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ (ഖണ്ഡിക3.9) , വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാതിരിക്കൽ (ഖണ്ഡിക 3.9) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായുള്ള ഫണ്ട് ചെലവഴിക്കാതിരിക്കൽ (ഖണ്ഡിക 3.4) അനർഹരായവർക്ക് തുക കൈമാറിയതുമൂലം സർക്കാർ നഷ്ടം (ഖണ്ഡിക 3.2),ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിക്കൽ -മാർഗനിർദേശലംഘനം(3.11, 3.14),ശരിയായ മോണിറ്ററിങ്ങിന്റെ അഭാവം (ഖണ്ഡിക 3.1, 3.3, 3, 7, 3.8) തുടങ്ങി ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മകളുടെ നിരവധി സൂചകങ്ങൾ അധികാരികളുടെ ശ്രദ്ധയിൽ ഈ റിപ്പോർട്ടിലൂടെ കൊണ്ടുവരുന്നുണ്ട്. ആയവ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ ഉത്തരവാദപ്പെട്ടവർ കൈക്കൊള്ളേണ്ടതാണ്.
പ്രതിമാസ വരവുചെലവുകൾ പ്രാഥമികമായി പരിശോധിച്ച് യഥാകാലം ആഭ്യന്തര ഓഡിറ്റ് നിർവ്വഹിക്കേണ്ട ഉത്തരവാദിത്വം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കുണ്ട് എന്ന് പഞ്ചായത്ത് രാജ് നിയമം നിഷ്കർഷിക്കുന്നുണ്ട്. ആഭ്യന്തര നിയന്ത്രണത്തെ ശക്തിപ്പെടുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഈ വിധ പരിശോധനകൾ നിർണ്ണായകമാണ്. എന്നാൽ ആ വിധമുള്ള പരിശോധന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷത്തിൽ നടത്തിയതായി കാണുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയും വർക്കിങ്ങ് ഗ്രൂപ്പുകൾ സമയബന്ധിതമായി ചേർന്നും ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

<u>നേട്ടം-അവലോകനം</u>

ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കഷൻ കൈവരിക്കാൻ കഴിഞ്ഞത് ശ്രദ്ധേയവും ശ്ളാഘനീയവുമായ നേട്ടമാണ്. വർഷങ്ങളായി നിഷ്ക്രിയാസ്തിയായി കിടന്നിരുന്ന പകൽവീട് പ്രവർത്തനക്ഷമമാക്കിയതും ഏറെ അഭിനന്ദനമർഹിക്കുന്നു. സ്ഥലപരിശോധന നടത്തിയ വേളയിൽ, അവിടെ സ്നേഹോഷ്മളമായ ഒരന്തരീക്ഷവും കാണുകയുണ്ടായി. മുൻവർഷം നിർവഹണോദ്യോഗസ്ഥയെ വിവരമറിയിക്കാതെ പണി നടത്തി താറുമാറായ റോഡിലെ അപാകതകൾ പരിഹരിക്കാൻ കഴിഞ്ഞതും നല്ല നടപടിക്രമങ്ങളുടെ ഭാഗമായി വിലയിരുത്തുന്നു. സ്ഥാപനത്തിലെ ഓരോ ഉദ്യോഗസ്ഥരും ചെയ്യേണ്ട ജോലികളുടെ ഉത്തരവാദിത്വം , ബാധ്യത എന്നിവ സംബന്ധിച്ച വ്യക്തമായ കാര്യാലയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കുഴിച്ചെടുക്കുന്ന മണ്ണ് ലേലം ചെയ്ത് മുതൽക്കൂട്ടുന്നതും നല്ല കാര്യമാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ ആകെ ചെലവായ 2,17,28,000/- രൂപയിൽ 1,40,52,770 രൂപ ഭൂവികസന, കൃഷിക്ക് നിലമൊരുക്കൽ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളത്. 750 കുടുംബങ്ങൾ പ്രവൃത്തിയെടുത്തതിൽ 295 കുടുംബങ്ങൾക്ക് നൂറുദിവസം തൊഴിൽ ലഭിച്ചിട്ടുണ്ട്. (39%) 142 നമ്പർ അങ്കണവാടി നിർമിച്ച് പ്രവർത്തനക്ഷമമാക്കിയത് ശ്രദ്ധേയമായ കാര്യമാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26/6/2019 | 2/2019, 3/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.11.2003 | 2002-2003 | 24-3-2004 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1 തൻവർഷം,അരിയർ</u>

- റെസിഡൻഷ്യൽ-നോൺ-റെസിഡൻഷ്യൽ അരിയർ ഡിമാന്റുകളിൽ സാംഖ്യ-സഞ്ചയകളിൽ വ്യത്യാസമുണ്ട്.
- 2017-18 ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B9 പ്രകാരം വസ്തു നികുതിക്ക് 2018-19 ലേക്ക് അഡ്വാൻസ് കളക്ഷൻ വന്നതും സഞ്ചയ പ്രകാരം തൻവർഷത്തേക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്ത തുകയും തമ്മിൽ വ്യത്യാസം ഉണ്ട്.
- 591128/-,154463/- രൂപ എന്നിവ യഥാക്രമം ഈ വർഷത്തെ ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ Advance collection-PT ആയി (350410101,350410104-Advance collection-PT on Res.,Non Res bldg-) വന്നിട്ടുണ്ടെങ്കിലും RP 36 ഷെഡ്യൂളിൽ (liability 350410101 -Advance collection-PT on Res) 201/- രൂപയാണ് കളക്ഷൻ രേഖപ്പെടുത്തിയിട്ടുള്ളത്
- ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി കുടിശ്ശിക കാണിക്കുകയും നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തുകയും ചെയ്യേണ്ടിയിരുന്നത്. എന്നാൽ I-18 ഷെഡ്യൂൾ പ്രകാരം 280100101-Prior period income -Property tax on non residential buildings എന്ന

ശീർഷകത്തിൽ 77476/- രൂപ വരവ് വന്നതായും 280100104-Prior period income -Property tax on residential buildings എന്ന ശീർഷകത്തിൽ 76202/- എഴുതി തള്ളിയതായും കാണുന്നു

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ വസ്തുനികുതിയുടെ 5% എന്ന നിരക്കിലല്ല ലൈബ്രറി സെസ്സ് രേഖപ്പെടുത്തിയിരിക്കുന്നത്. സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി കണക്കുകൂട്ടുന്ന തുകയിൽ വ്യത്യാസം വന്നിട്ടുണ്ട്.
*** ഡിമാന്റ് -(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.1.3, 2.1.4 എന്നീ ഖണ്ഡികകളിലെ പട്ടികകൾ).
"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.

<u>സഞ്ചയ മറ്റു അപാകതകൾ</u>

2.1.1 തൻവർഷം റെസിഡൻഷ്യൽ നികുതി തുകയെ അടിസ്ഥാനമാക്കിയത്:

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3386321 | 3119295 | 69354 | ***വരേണ്ടിയിരുന്ന ബാലൻസ് 197672/-. എന്നാൽ 210619/- രൂപ കിട്ടാനുള്ള ബാലൻസ് ആയി കാണിച്ചിട്ടുള്ളത്. കൂടാതെ 29582/- രൂപ അടുത്ത വർഷത്തേക്ക് excess amount- journal adjustment entry ആയി എടുത്തിട്ടുണ്ട്. |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3386321 | 3160047 | 557536 | 1) 591128/- രൂപ യാണ് റെസിഡൻഷ്യൽ അധിക കളക്ഷൻ ആയി B9 ലേക്ക് ചേർത്തിട്ടുള്ളത് (590927+201) (Rp 36 പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | അഡ്വാൻസ് കളക്ഷൻ 201/-). എന്നാൽ ശരിക്കുള്ള അധിക കളക്ഷൻ (കളക്ഷൻ-ഡിമാന്റ് വ്യത്യാസം) 331262/- രൂപയാണ്. മാത്രവുമല്ല റെസിഡൻഷ്യൽ കറന്റിൽ കിട്ടാനായി 221412/- രൂപ B15 പ്രകാരം (210341(BT)+ 11071/-(LC)) കാണിച്ചിട്ടുമുണ്ട്. |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (2017-18 AFS 350410101- Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15, ബി 9) |

2.1.2തൻവർഷം നോൺ-റെസിഡൻഷ്യൽ നികുതി തുകയെ അടിസ്ഥാനമാക്കിയത്:

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2022848 | 1806598 | 67257 | *** യഥാർഥ ബാലൻസ് 148993/- എന്നാൽ സഞ്ചയ DCBയിൽ 152552/-രൂപ കിട്ടാനുള്ള ബാലൻസ് ആയിയും കാണിച്ചിട്ടുണ്ട്. കൂടാതെ 4776/- രൂപ അടുത്ത വർഷത്തേക്ക് excess amount- |

| | | | | |
|---|---|---|---|---|
| | | | | journal adjustment entry ആയി എടുത്തിട്ടുണ്ട് |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2022848 | 1771288 | 165099 | 1) നോൺ റെസിഡൻഷ്യൽ കറന്റിൽ കിട്ടാനായി 86461/- വരേണ്ടതിനു പകരം 160264 രൂപ മാത്രമാണ് B15 പ്രകാരം (152251+8013(LC)) കാണിച്ചിട്ടുള്ളത്. 2) 154463/- രൂപ നോൺ-റെസിഡൻഷ്യൽ അഡ്വാൻസ് കളക്ഷൻ ആയി B9 ലേക്ക് ചേർത്തിട്ടുണ്ട്. ((Rp 36 പ്രകാരം അഡ്വാൻസ് കളക്ഷൻ ഇല്ല). |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (2017-18 AFS 350410104-Advance collection-PT on Non Res. Bldg- | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15, ബി 9) |

2.1.3 അരിയർ റെസിഡൻഷ്യൽ തുകയെ അടിസ്ഥാനമാക്കിയത്:

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 309364 | 227355 | ഇല്ല | *** (ശരിക്കുള്ള അധിക അരിയർ ബാലൻസ് ആയി 82009 രൂപ. എന്നാൽ അരിയർ ബാലൻസ് ആയി 105479 രൂപ DCB യിൽ എടുത്തിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 211772* (97592 രൂപ സഞ്ചയയുമായി വ്യത്യാസമുണ്ട്) | 232815 | | 21043/- റെസിഡൻഷ്യൽ അരിയർ അധിക കളക്ഷൻ വരേണ്ടിടത്ത് 111021/- രൂപയാണ് അരിയർ ബാലൻസ് (105479(BT)+5542(LC)) (B15) ൽ വന്നിട്ടുള്ളത്. |
| | (2017-18-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15), *(റെസിഡൻഷ്യൽ കറന്റ്&അരിയർ ബാലൻസ് (87455+ 134906)/105x100=) 211772 രൂപ | റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.4 അരിയർ നോൺ-റെസിഡൻഷ്യൽ ആകെ തുകയെ അടിസ്ഥാനമാക്കിയത്:

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 168240 | 100913 | ഇല്ല | *** 68947 (ശരിക്കുള്ള ഡിമാന്റ്-കളക്ഷൻ വ്യത്യാസം 67327/- രൂപയാണ്. ഈ തുകയാണ് അരിയർ ബാലൻസ് ആയി വരേണ്ടിയിരുന്നത്. |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 150641 (15599 രൂപ സഞ്ചയയുമായി ഡിമാന്റിൽ വ്യത്യാസമുണ്ട്) | 95864 | | 56777/- ബാലൻസ് വരുന്നതിനു പകരം നോൺ റെസിഡൻഷ്യൽ അരിയറിൽ കിട്ടാനായി 72479/- രൂപ (68855+3624(LC)) B15 പ്രകാരം കാണിച്ചിട്ടുള്ളത് |
| | (2017-18ലെ | റസീറ്റ് & | | (ബാലൻസ്ഷീറ്റ് |

| | | | | |
|---|---|---|---|---|
| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15), * (2017-18-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15), * (നോൺറെസിഡൻഷ്യൽ കറന്റ്&അരിയർ ബാലൻസ് (75414+ 84859)/105x100=) 150641 | പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | ഷെഡ്യൂൾ ബി-15) |

- 1/4/2018-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്സ്മെന്റ് തുകകൾ, തുടർന്ന് പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത്. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു. വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്

മേൽകാരണങ്ങളാൽ വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

3.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി))

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. രജിസ്റ്ററിൽ Cost, Depreciation എന്നീ ശീർഷകങ്ങൾ ഉണ്ടെങ്കിലും സചിത്ര സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്യാത്തതിനാൽ മൂല്യം രേഖപ്പെടുത്തപ്പെടുന്നില്ല.

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി ക്ലോസിങ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം, വില രേഖപ്പെടുത്തി വർഷാന്ത്യ മൂല്യം കണക്കാക്കിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

6. ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള

രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (77476) |
| 280100104-Prior period income-Property tax on non residential buildings | 76202 |
| 280200401-Prior period income--other incomes | (296798) |
| 280800701-Prior period-Administrative expenses | (38218) |

7. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net Decrease in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,03,07,052 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash used up by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,73,64,595 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 2016-17 ലെ സാംഖ്യ ബാങ്ക് ബുക്ക് എൻട്രികൾ ക്രമീകരിക്കുവാനായി തൻവർഷം ചെലവ് രേഖപ്പെടുത്തി

തൻവർഷം RP 26 Prior Period Items ഷെഡ്യൂളിൽ Prior Period Income - Other Incomes(280200401) എന്ന ശീർഷകത്തിൽ 100000/- രൂപ വരവായും Prior Period - Administrative Expenses(280800201) എന്ന ശീർഷകത്തിൽ 93,400 രൂപ ചെലവായും ക്രമീകരിച്ചിട്ടുണ്ട്.31.3.2017 ലെ ട്രഷറി തനതുഫണ്ട് ബാങ്ക് റികൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ cheque deposited but not collected എന്ന ശീർഷകത്തിൽ 93400/- രൂപ(11602500011/31.3.2017) വരവായും cheque issued but not presented into Bank എന്ന ശീർഷകത്തിൽ 100000/-രൂപ (21601155/31.3.2017) ചെലവായും ക്രമീകരിക്കാതെ 2018-19 സാമ്പത്തിക വർഷത്തിൽ ആണ് സെക്രട്ടറിയുടെ 30.3.2019 ലെ A1-1398/2018 നം ഉത്തരവ് പ്രകാരം ബാങ്ക് ബുക്കിലെ സാംഖ്യ തകരാറുമൂലമുള്ള ഈരണ്ടു എന്ട്രികൾ ഒഴിവാക്കിയത്.

31.3.2017 ൽ 142/17 നമ്പർ തണൽ കേന്ദ്ര വികസനം എന്ന പദ്ധതിക്കായി ഐ സി ഡി എസ് സൂപ്പർവൈസർക്ക് 93400/- രൂപ ക്ക് ചെക്ക് നൽകിയപ്പോൾ (ചെക്ക് നം 2220605/31.3.2017 TSB A/c) സാംഖ്യയിൽ വൗച്ചർ നം 21601152,21601077 എന്നിവ പ്രകാരം ഒരു എൻട്രിക്ക് പകരം രണ്ടു എൻട്രികൾ

വരുത്തുകയും 21601077 വൗച്ചർ ക്യാൻസൽ ചെയ്യുകയും ചെയ്തു.ഈ വൗച്ചർ അഡ്മിനിസ്ട്രേറ്റിവ് ചെലവ് ഹെഡിൽ ആയിരുന്നു ബുക്ക് ചെയ്തിരുന്നത്.ക്യാൻസൽ ചെയ്യുന്ന സമയം അതിനു തുല്യമായി 93400 രൂപയുടെ ഒരു രസീതു വരുന്നതിനു പകരം 11602100104,11602500011 എന്നീ രണ്ടു രസീതുകൾ ജനറേറ്റ് ചെയ്യുകയുണ്ടായി.ഇപ്രകാരം തന്നെ 21601155 /31.3.2017 വൗച്ചർ നം പ്രകാരം 100000/-രൂപ പേമെന്റ് രസീതും ക്യാൻസൽ ചെയ്യുവാൻ സാധിച്ചില്ല.

2016-17 ലെ സാംഖ്യ ബാങ്ക് ബുക്ക് അപാകതകൾ സമയബന്ധിതമായി തീർപ്പാക്കാത്തത് കൃത്യവിലോപമായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

# 2-2 9871 രൂപ ട്രഷറി പേമെന്റ് സാധൂകരിച്ചിട്ടില്ല

8826962/13.6.2018 നമ്പർ ട്രഷറി ചെക്ക് പ്രകാരം 8ാം വാർഡ് ബണ്ട് കൺസ്ട്രക്ഷനു അസിസ്റ്റന്റ് എഞ്ചിനീയർക്കു കൈമാറിയ തുക BIMS ൽ transaction ID 15425/13.6.2018 പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ടിംഗ് തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതു ട്രഷറി പാസ്സ്ബുക്കിലും പേമെന്റ് ആയി വന്നിട്ടില്ല. തുക ട്രഷറിയിൽ നിന്നു പേമെന്റ് ആയില്ലെന്നു ട്രഷറി ജീവനക്കാർ വ്യക്തമാക്കുമ്പോൾ ടി തുക അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനു ലഭ്യമാക്കിയെന്നു അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്കു നൽകിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.ടി തുക Bank Reconciliation staement ൽ മാറാത്തതായാണ് കാണിച്ചിട്ടുള്ളത്.ട്രഷറി ബാങ്ക് സ്റ്റേറ്റ്മെന്റ് കൃത്യത വരുത്തേണ്ടതാണ്.

# 2-3 പെർമിറ്റ് അപേക്ഷ തീർപ്പാക്കാൻ കാലതാമസം -നടപടി സ്വീകരിക്കേണ്ടതാണ്

പെർമിറ്റ് രജിസ്റ്റർ പേജ് നം.23 ക്രമ നം.198 പ്രകാരം 320/19 തീയതി 22.01.19 ഫയൽ നം. അനുസരിച്ച് ശ്രീ സിദ്ദിക്ക്, പടിഞ്ഞാറേവീട്ടിൽ എന്ന വ്യക്തി ബാഡ്മിന്റൻ കോർട്ട് പണിയുന്നതിനായി ഗണം D (അസംബ്ലി/സമ്മേളനസ്ഥലം) കാറ്റഗറിയിൽ അപേക്ഷ നൽകിയിരുന്നു. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ, മറ്റ് രേഖകൾ പരിശോധിച്ചതിൽ 252.68 $m^2$ ഏരിയയുള്ള ഗ്രൂപ്പ് D ഒക്യുപൻസിയിൽ വരുന്ന കെട്ടിട നിർമ്മാണ അനുമതി അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിക്കുകയും സൈഡ്, റിയർ യാർഡുകൾ, മഴവെള്ള സംഭരണി എന്നിവ ചട്ടപ്രകാരം ഇല്ലാത്തതും ഫയർ നിരാക്ഷേപപത്രം ലഭ്യമാക്കേണ്ടതും സംബന്ധിച്ച് റിപ്പോർട്ട് ചെയ്ത് റെക്ടിഫിക്കേഷന് തിരിച്ചയക്കുകയും ചെയ്തു. എന്നാൽ അപേക്ഷ 'സങ്കേത'സോഫ്റ്റ്‌വെയറിൽ പുനർസമർപ്പിച്ചതിൽ പ്ലാനിൽ മാറ്റം വരുത്താതെ കെട്ടിടം ബാഡ്മിന്റൻ കോച്ചിംഗ് സെന്റർ ഓഫീസ് എന്ന പേര് നൽകി അപേക്ഷയിൽ F കൊമേഴ്സ്യൽ ഒക്യുപെൻസിയായി രേഖപ്പെടുത്തിയിരിക്കുന്നു. കെ.പി.ബി.ആർ 34(1) പ്രകാരം 300 $m^2$ ന് താഴെയുള്ള E ഒക്യുപെൻസി (ഓഫീസ് കെട്ടിട ഗണം) F കൊമേഴ്സ്യൽ ഗണത്തിൽ പെടുത്താമെന്ന് ഓവർസിയർ അതു പ്രകാരം റിപ്പോർട്ട് ചെയ്തത് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. നിലവിലെ മുമ്പ് നൽകിയ പ്ലാനിൽ ഒട്ടുംതന്നെ മാറ്റം വരുത്താതെ ഫയർ എൻ.ഒ.സി ഒഴിവാക്കുന്നതിനായി ഗണം കൊമേഴ്സ്യൽ വിഭാഗത്തിലാക്കി അപേക്ഷ സമർപ്പിച്ചിരിക്കുന്നത് ആവശ്യം ബാഡ്മിന്റൻ കോച്ചിംഗ് സെന്റർ ആയതിനാലും ഫയർ എൻ.ഒ.സി വേണ്ടതിനാലും ഗ്രൂപ്പ് D യിൽ തന്നെയാക്കി അപേക്ഷ പുനഃസമർപ്പിക്കാൻ നിർദ്ദേശം നൽകാവുന്നതാണ്. ഓഫീസ് ആവശ്യം മാത്രമാണെങ്കിൽ പ്ലാനിൽ മാറ്റം വരുത്തുകയോ അപേക്ഷയിൽ അതനുസരിച്ച് കാറ്റഗറി ലിസ്റ്റ് മാറ്റുകയോ ചെയ്യേണ്ടതാണ്. അപേക്ഷയിൽ കാലതാമസം വരുത്താതെ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 2-4 രജിസ്റ്റർ-അനുബന്ധ ഫയലുകളുടെ

# പരിപാലനം എന്നിവയിലെ അപാകതകൾ

പഞ്ചായത്തിൽ പരിപാലിക്കേണ്ടതായ താഴെ പറയുന്ന രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

(1) ഡേ ബുക്ക് ,കാഷ് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
(2) രസീതുബുക്ക് ക്യാൻസൽ ചെയ്യുന്നതിൽ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.ഉദാ:- രസീത്ബുക്ക് നം 6243.
(3) e-Tender സംബന്ധിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല
(4) വേക്കൻസി റമിഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല
(5) വാടകയിനത്തിലും ലേലത്തിലുമായി വരവുണ്ട് എന്നാൽ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല.
അപാകതകൾ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-5 2018-19 വസ്തുനികുതി പ്യൂരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമല്ല.നികുതി കുടിശ്ശിക 561207/-രൂപ

'സഞ്ചയ' വസ്തുനികുതി ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ച വിവരം ലഭ്യമല്ല. 2018-19 ൽ വസ്തു നികുതി അടവാക്കുന്ന കെട്ടിടങ്ങൾ 'സഞ്ചയ' പ്രകാരം ആകെ 14079 എണ്ണമാണ്. 56 കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതായി സഞ്ചയയിൽ ചേർത്തിട്ടുണ്ട്.പ്യൂരിഫിക്കേഷനിൽ ഉൾപ്പെടുത്താത്ത കെട്ടിടങ്ങളുടെ വിവരം ലഭ്യമല്ല.സഞ്ചയ കളക്ഷൻ പ്രോഗസ്സ് റിപ്പോർട്ട് 2018-19 പ്രകാരം തൻവർഷമടക്കം നികുതിയിൽ 5,61,207/-രൂപ കുടിശ്ശിക വന്നിട്ടുണ്ട്(അരിയർ കളക്ഷൻ 64%,തൻ വർഷ കളക്ഷൻ 93%).2018-19 കളക്ഷൻ പ്രോഗസ്സ് റിപ്പോർട്ട് പ്രകാരം 4,9,11,12,17,18,19 എന്നീ വാർഡുകളിലാണ് കുടിശ്ശിക കൂടുതൽ വന്നിട്ടുള്ളത്. റിപ്പോർട്ട് പ്രകാരം 1,2,3,6,7,13,14 എന്നീ വാർഡുകളിൽ നിന്ന് 2018-19 ൽ വസ്തു നികുതി അരിയർ പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്. നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

വസ്തുനികുതി തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ വൌച്ചർ മുഖേന തുകകൾ എഴുതി തള്ളുകയും, വരുമാനമായി ക്രമീകരിക്കുകയും തിരുത്തൽ എൻട്രികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ആധികാരികമാക്കിയിട്ടില്ല.

“110100101/110100103-Property tax on residential/non residential building” എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2018 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.ആയതിനാൽ റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ കൃത്യത ഇല്ലാതെ പോകുന്നു.അതതുമാസങ്ങളിൽ പുതിയ കെട്ടിട നം നൽകുന്നതനുസരിച്ച് ഡിമാന്റിൽ മാറ്റം വരുത്തുന്നതായി ജേണൽ എൻട്രി ഇല്ല.

വസ്തുനികുതിയിനത്തിൽ 2018-19 വർഷത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് പിരിവു സാധ്യത സംശയമുള്ളവ, സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും ഡിമാന്റ് സസ്പെക്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളുടെയും പ്രയർപിരീഡ് ഇനത്തിൽ അഡ്ജസ്റ്റ്മെന്റ് ചെയ്ത് വരവായി ക്രമീകരിച്ച 77476/-രൂപയുടെയും (ശീർഷകം l18-280100101) ഒഴിവാക്കിയ 76202/-രൂപയുടെയും (ശീർഷകം l18-280100104) ആധികാരികത പരിശോധിച്ചു ബോദ്ധ്യപ്പെടുന്നതിനുതകുന്ന രേഖകളും ഒന്നും തന്നെ പരിശോധനയ്ക്കായി ലഭിക്കുകയുണ്ടായില്ല.

| ശീർഷകം (ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (77476) |
| 280100104-Prior period income-Property tax on non residential buildings | 76202 |

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വരവിന്റെ ആധികാരികത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനായില്ല. വസ്തുനികുതി ഡിമാന്റിൽ ഉത്ഭവത്തിൽ തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# 2-6 അനധികൃത നിർമ്മാണ കെട്ടിടങ്ങൾ 'സഞ്ചയ'യിൽ ഡിമാന്റ് ചെയ്യുന്നില്ല- അപാകതകൾ

1) UA അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ വിവരം സഞ്ചയ UA അസസ്സ്മെന്റിൽ ഉൾപ്പെടുകയോ കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റിൽ വരികയോ ചെയ്തിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | പേര് |
|---|---|---|
| 1 | VIII/422 A UA | സുലേഖ, ചൂലൂക്കാരൻ |
| 2 | IX/280 I UA | ഷറീഫ, കാരപ്പറമ്പിൽ |
| 3 | IX/458 C UA | റംല്യ, കുഴിക്കണ്ടത്തിൽ |
| 4 | IV/489 B UA | റഫീക്ക്, പുഴങ്കരയില്ലത്ത് |

മേൽപറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി അസസ്സ്മെന്റ് സഞ്ചയയിൽ ചേർക്കേണ്ടതും UA പ്രകാരമുള്ള നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

2) മാന്വൽ UA അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ 'സഞ്ചയ'യിൽ ഉൾപ്പെടാത്തതുമായ കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | പേര് |
|---|---|---|
| 1 | 1/85 A UA | ബാലകൃഷ്ണൻ, വേളേക്കാട്ട്, കുരിക്കുഴി |
| 2 | 13/470 A UA | ശിവപ്രകാശ്, കണ്ടനാട്ട് |
| 3 | 15/49 B UA | പ്രഹ്ലാദൻ, കൈതവളപ്പിൽ |
| 4 | 19/390 A UA | രവി, പടമാട്ടുമ്മൽ |

മേൽപറഞ്ഞ കെട്ടിടങ്ങളിൽ ക്രമ നം.3 ൽ ഉൾപ്പെട്ടിട്ടുള്ള വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ആയത് CRZ ൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടമാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം

(14/10.07.19) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ കെട്ടിടങ്ങൾ കൂടി അസ്സസ്സ്മെന്റ് സഞ്ചയയിൽ ഉൾപ്പെടുത്തി UA പ്രകാരമുള്ള നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

# 2-7 തൊഴിൽ നികുതി ഈടാക്കാത്തത് -അപാകതകൾ

1) റേഷൻ ഷോപ്പുടമകളുടെയും താഴെ പറയുന്ന കരാറുകാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| പേര് | തുക |
|---|---|
| സലീം പി എം | 2500 |
| ഹാഷിം എം എം | 2500 |
| രാഹുൽ രാജ് | 2500 |
| രാജീവ് | 2500 |
| ആകെ | 10000 |

A.E.യുടെ കാഷ് ബുക്ക്, രശീത് ബുക്ക് എന്നിവ പരിശോധിച്ചതിൽ മുകളിൽ പറഞ്ഞ കരാറുകാർ 18-19 കാലയളവിൽ പ്രവൃത്തി ചെയ്തതായി കാണുന്നു. എന്നാൽ കേരള പഞ്ചായത്ത് രാജ് ചട്ടം 205 B പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. ആയതു പ്രകാരം കരാറുകാരുടെയും എല്ലാ ഷോപ്പ് ഉടമകളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.2017-18 ൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 385 ട്രേഡേഴ്സ് ഉണ്ട്. എന്നാൽ 400 പേർക്ക് തൻവർഷം ഡി ആന്റ് ഒ ലൈസൻസ് നൽകിയിട്ടുണ്ട്.തൻവർഷം 56 കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതായി ഡെമോളിഷൻ രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.ആയതിൽ വാണിജ്യസ്ഥാപനങ്ങൾ ഉൾപ്പെടുന്നുണ്ടെങ്കിൽ അക്കാര്യവും ഉൾപ്പെടുത്തി ലിസ്റ്റ് പുതുക്കേണ്ടതും ആയതിനനുസൃതമായി നികുതി ഈടാക്കാൻ നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

# 2-8 വിമുക്തഭടൻമാരുടെ വസ്തു നികുതി ഒഴിവാക്കി നൽകൽ-സർക്കാർ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ല

വിമുക്ത ഭടൻമ്മാർക്ക് വസ്തു നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് വിമുക്ത ഭടന്മാരുടെ അപേക്ഷകൾ, സഞ്ചയയിൽ നിന്നുള്ള 2018-19 ലെ വസ്തു നികുതി ഒഴിവാക്കി നൽകൽ ലിസ്റ്റ്, 7.3.19 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് ,ex-servicemen exemption രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

(1) 7.3.19 ലെ മിനിറ്റ്സ് തീരുമാനം 4 പ്രകാരം 16 കെട്ടിടങ്ങൾക്കു നികുതിയിളവ് നൽകിയതിൽ XVIII/472,435,XX/574,VI/311,264 എന്നീ നമ്പർ കെട്ടിടങ്ങൾ സഞ്ചയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.ഈ കെട്ടിടങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള 34 കെട്ടിടങ്ങളിൽ ഉൾപ്പെടുന്നുണ്ടെങ്കിലും 18 കെട്ടിടങ്ങൾക്ക് സാധൂകരണം ലഭ്യമാക്കിയിട്ടില്ല.

(2) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സമർപ്പിക്കാതെ, സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കാത്ത രജിസ്റ്റർപ്രകാരമുള്ള 18 വിമുക്തഭടൻമാരുടെ കെട്ടിടനമ്പറുകൾ -14/386, 13/371, 3/441, 3/31, 13/369, 3/532, 5/486, 12/243, 13/119, 6/188, 2/213, 14/215, 1/153, 6/445, 13/121, 6/274, 20/103, 14/383

മേൽ പറഞ്ഞകെട്ടിടങ്ങൾ കൂടാതെ അംഗീകാരമില്ലാതെ സഞ്ചയയിൽ ഉൾപ്പെടുത്തിയ 16 മറ്റു കെട്ടിടങ്ങളുടെ നമ്പറുകൾ -1/91A, 3/332, 3/404, 6/9A, 6/391, 13/108, 14/548, 14/561, 15/212,

15/223,16/293, 16/297, 16/375, 16/376, 17/6, 19/505
രജിസ്റ്ററിൽ ഏരിയ,വസ്തുനികുതി രേഖപ്പെടുത്തിയിട്ടില്ല.ഇതു സംബന്ധിച്ച് പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ പരിശോധന നടത്തുകയോ പരിശോധനാകുറിപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല.

3)അപേക്ഷകൾ പരിശോധിച്ചതിൽ പെൻഷൻബുക്ക്/ഡിസ്ചാർജ്ജ് ബുക്കിൽ തദ്ദേശ സ്വയം സ്ഥാപന മേധാവി വസ്തുനികുതി ഇളവ് അനുവദിച്ചതിന്റെ രേഖപ്പെടുത്തലുകൾ കാണുന്നില്ല.

4)രജിസ്റ്ററിൽ രേഖപ്പെടുത്താതെ സഞ്ചയയിൽ ഒഴിവാക്കിയ കെട്ടിടങ്ങൾ -കെട്ടിടനം 16/37, 16/102, 9/197 അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി 22/12.7.19)

പരിശോധന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ അപേക്ഷകരുടെയും കെട്ടിട ഏരിയ വിവരം രേഖപ്പെടുത്തേണ്ടതാണ്. അധിക ഏരിയക്ക് നികുതി കണക്കാക്കേണ്ടതാണ്. അപേക്ഷകരുടെ സത്യവാങ്ങ് മൂലം, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ, കമ്മറ്റിഅംഗീകാരം ലഭ്യമാക്കൽ എന്നിങ്ങനെ ഓരോ ഫയലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ യഥാസമയം പാലിക്കപ്പെട്ടിട്ടില്ല.

വിമുക്ത ഭടൻമാരുടെ വസ്തു നികുതി ഇളവ് സംബന്ധിച്ച് സ. ഉ(കൈ) നം .106/17 ത.സ്വ.ഭ.വ തീ.26.5.17-ലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

# 2-9 പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നല്കൽ- ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരമില്ല- അപാകതകൾ

പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ഫയൽ, സഞ്ചയയിൽ നിന്നുള്ള 2018-19-ലെ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള 5/7.3.19 എന്ന ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് തീരുമാനം എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

രജിസ്റ്റർ പ്രകാരമുള്ള അപേക്ഷകൾ-56
തീരുമാനപ്രകാരം അംഗീകരിച്ച അപേക്ഷകൾ/കെട്ടിടങ്ങൾ-40
സഞ്ചയ ലിസ്റ്റ് പ്രകാരം (2018-19 മാത്രമായി ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല)-(208 Residential+71 Commercial=279 കെട്ടിടങ്ങൾ)
1) രജിസ്റ്റർ പ്രകാരം പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ നികുതിവിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.കുടിശ്ശിക അടച്ച വിവരമില്ല.
2) അപേക്ഷകളിൽ മിക്കതിലും പരിശോധന റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല. തയ്യാറാക്കിയ പരിശോധന റിപ്പോർട്ടുകളിൽ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് | മിനിറ്റ്സ് പ്രകാരം അംഗീകാരം ലഭ്യമാക്കാതെ രജിസ്റ്ററിൽ ചേർത്ത കെട്ടിട നമ്പറുകൾ |
|---|---|
| I | 171 |
| II | 46,395 |
| III | 30 |

| | |
|---|---|
| V | 91 |
| VI | 379 |
| VII | 1A, 624A |
| IX | 308 |
| XII | 146 |
| XIV | 146,221 |
| XVII | 265,20 |
| XVIII | 35A |
| XX | 114 |
| ആകെ | 16 |

സഞ്ചയയിലുള്ള ,സാധൂകരിക്കാത്ത കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക അടവാക്കിയ വിവരം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം. 23/12.7.19)

# 2-10 e-tender ഫോം ഫീ AEയുടെ കറന്റ് അക്കൗണ്ടിലേക്ക് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

e-Tendering System Government of Kerala യുടെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ e-Tender നടത്തിയ വിവരങ്ങളടങ്ങിയ ഓർഗനൈസേഷൻ വൈസ് കളക്ഷൻ റിപ്പോർട്ട് പ്രകാരം 01.04.17 മുതൽ 31.03.17 വരെയായി 4210/- രൂപയും 01.04.17 മുതൽ 31.03.18 വരെയായി 18020/- രൂപയും 01.04.18 മുതൽ 31.03.19 വരെയായി 31920/- രൂപയും പഞ്ചായത്തിനു e-Tender ഫോം ഫീസിനത്തിൽ ലഭിക്കുവാനുണ്ട്. നിലവിൽ ഈ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലെ കൈപ്പമംഗലം പഞ്ചായത്ത് കറന്റ് അക്കൗണ്ടിലേക്ക് ആണ് വരവ് വെക്കേണ്ടത്.എന്നാൽ ഈ തുക അക്കൗണ്ടിലേക്ക് വന്നിട്ടില്ലെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. e-Tender സ്വീകരിക്കുന്ന സമയം NIC വെബ്സൈറ്റിൽ കരാറുകാർക്ക് Buffer/Temporary അക്കൗണ്ടുകളാണ് നൽകുന്നത്. തുക സെറ്റിൽ ചെയ്യുന്ന സമയത്ത് Buffer അക്കൗണ്ടിൽ നിന്ന് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മാപ്പ് ചെയ്ത അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്യുന്നത്. മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാപ്പ് ചെയ്ത അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിരുന്നത്. കൈപ്പമംഗലം അസി.എഞ്ചിനീയറുടെ പ്രസ്തുത അക്കൗണ്ട് മാപ്പ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇ-ടെണ്ടർ തുക ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കേണ്ടതുമാണ്. കൂടാതെ 2017-18 ൽ 8220/- രൂപയും 2018-19 ൽ 2240/- രൂപയും ഇ-ടെണ്ടർ ഫോം ഫീ റീഫണ്ടായി പോകുകയും ചെയ്തിട്ടുണ്ട്. ഏതെല്ലാം ടെണ്ടറുകളാണ് നിരസിച്ചതെന്ന വിവരം സംബന്ധിച്ച് അസി.എഞ്ചിനീയർ രേഖകൾ സൂക്ഷിക്കുന്നില്ല. നിലവിൽ ഇ-ടെണ്ടർ വരവ് സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും തുടർന്ന് ഇത്തരത്തിലുള്ള വീഴ്ചകൾ വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 ലൈഫ് പദ്ധതി-രണ്ടാം ഘട്ടം. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

വി.ഇ.ഒ. കൈപമംഗലം നടപ്പാക്കിയ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി 2018-19 ൽ 2,34,40,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി 3.97 കോടി രൂപ വകയിരുത്തിയിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ 5.9.18 ലെ 2(4) നമ്പർ തീരുമാന പ്രകാരം ജനറൽ വിഭാഗത്തിൽ 98 ഗുണഭോക്താക്കൾക്കും എസ്.സി.വിഭാഗത്തിൽ 15 ഗുണഭോക്താക്കൾക്കുമായി 4 ലക്ഷം രൂപ നിരക്കിൽ ആവശ്യമായ 4.52 കോടി രൂപയിൽ ത്രിതല പഞ്ചായത്ത് വിഹിതമായ 78,73,342 രൂപ കഴിച്ച് ബാക്കി തുകയായ 3,73,26,658 രൂപ കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വായ്പയെടുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് 27.9.18 ന് ഉണ്ടാക്കിയ കരാർ പ്രകാരം 2018-19 ൽ 1,55,77,460 രൂപ KURDFC യിൽ നിന്നും വായ്പ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും ജനറൽ വിഭാഗത്തിന് 1,47,40,000 രൂപയും എസ്.സി വിഭാഗത്തിന് 7 ലക്ഷം രൂപയും കൂടി ആകെ 1,54,40,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് 19.1.18ന് 1(1) തീരുമാന പ്രകാരം അംഗീകരിച്ച അന്തിമ ഗുണഭോക്തൃലിസ്റ്റിലുൾപെട്ട അർഹരായ 118 പേരിൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപെട്ട 95 ഗുണഭോക്താക്കളിൽ 87 പേർ പൊതു വിഭാഗത്തിലും 8പേർ എസ്.സി. വിഭാഗത്തിലും ഉൾപെടുന്നു. ഇതിൽ ഭവന നിർമ്മാണം നടത്തിയവരുടെ വീടുനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി താഴെ ചേർക്കുന്നു.

| ഭവന നിർമ്മാണ ഘട്ടം | എണ്ണം |
|---|---|
| ബേസ് ലെവൽ | പൂർത്തിയാക്കി |
| ലിന്റൽ | 25 |
| ഉത്തരപൊക്കം | 44 |
| പൂർത്തീകരിച്ചത് | 26 |

ധനകാര്യ വിശകലനം

| | | ഗ്രാമപഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ലോൺ | ആകെ |
|---|---|---|---|---|---|---|
| ജനറൽ വിഭാഗം | വകയിരുത്തിയത് | 3568400 | 1123091 | 2051348 | 32978256 | 39721095 |
| | ചെലവഴിച്ചത് | 3480000 | 1120000 | 1920000 | 14740000 | 21260000 |
| എസ്.സി. വിഭാഗം | വകയിരുത്തിയത് | 1872000 | 835169 | 0 | 4348132 | 7055301 |
| | ചെലവഴിച്ചത് | 1480000 | 0 | 0 | 700000 | 2180000 |
| ജനറൽ ആകെ ചെലവഴിച്ചത് | | | | 2,12,60,000 | | |
| എസ്.സി.ആകെ ചെലവഴിച്ചത് | | | | 21,80,000 | | |
| ആകെ | | | | 2,34,40,000 | | |

നിലവിൽ ഭവന നിർമ്മാണം ആരംഭിച്ച മുഴുവൻ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക നൽകുന്നതിന് 1.456 കോടി രൂപ കൂടി ആവശ്യമാണ്. (95x4 ലക്ഷം=3.8

കോടി-2.344=1.456 കോടി) പദ്ധതി നടത്തിപ്പിനായി ലൈഫ് മിഷൻ 89 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് 18-19 ൽ നൽകിയ തുക 835169 രൂപ നിലവിൽ STSB അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാൻ 48,24,831/- രൂപ കൂടി കണ്ടെത്തണം. ഇതിനായി ആവശ്യമായ തുക പദ്ധതിയിൽ വകയിരുത്തണം. പദ്ധതി മോണിറ്ററിംഗ് നടത്തുന്നതിന് രൂപീകരിച്ച കർമ്മ സമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ ഫലപ്രദമായി പ്രവർത്തിച്ചതായി കാണുന്നില്ല. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ലൈഫ് പദ്ധതി അന്തിമ ലിസ്റ്റിലുൾപെട്ട അർഹരായ 23 ഗുണഭോക്താക്കൾക്ക് നിലവിൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപെട്ട് ഭവന നിർമ്മാണം നടത്താൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ട്. വില്ലേജ് രേഖകളിൽ നിലം/ നഞ്ച എന്നിങ്ങനെ രേഖപെടുത്തി കാണുന്ന 10 സെന്റിൽ അധികരിക്കുന്നതും കനോലി കനാലിനോട് ചേർന്ന് സ്ഥിതിചെയ്യുന്നതുമായ സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണ അനുമതി നൽകാൻ നിലവിൽ സാധിക്കുകയില്ലായെന്നാണ് ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തികച്ചും അർഹരായ ഈ ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണം നടത്താൻ സാധിക്കാത്ത സ്ഥിതിയിൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി ഭവന നിർമ്മാണം നടത്താൻ സാധ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 അനർഹമായി ഗുണഭോക്താവിന് നൽകിയ ധനസഹായം - തുടർ നടപടി സ്വീകരിക്കണം

2015-16 ൽ ഭവന പുനരുദ്ധാരണത്തിനായി ആനുകൂല്യം കൈപറ്റിയ ബീന പ്രകാശൻ കളാംപുരക്കൽ എന്നവർക്ക് വി.ഇ.ഒ. കൂരിക്കുഴി നടപ്പാക്കിയ ഭവന പുനരുദ്ധാരണ പദ്ധതിയിലുൾപെടുത്തി 2017-18 ൽ വീണ്ടും 35000 രൂപ ധനസഹായം അനുവദിക്കുകയുണ്ടായി. ഗുണഭോക്താവിന് അനർഹമായി ആനുകൂല്യം നൽകിയത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 9.3.18ൽ നൽകിയ ടി തുക 12% പലിശ സഹിതം 31.3.19 നകം മൂന്നു ഗഡുക്കളായി തിരിച്ചുപിടിക്കാൻ 4.7.18 ലെ ഭരണ സമിതി 14(1) തീരുമാനപ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ തുക തിരികെ ഈടാക്കിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 3-3 ഗ്രാമപഞ്ചായത്തിന്റെ ഇക്കോഷോപ്പ്-നഷ്ടം കൂടാതെ പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് 2018-19 ൽ കാളമുറി സെന്ററിൽ ആരംഭിച്ച ഇക്കോഷോപ്പിന്റെ പ്രവർത്തനത്തിനായി തദ്ദേശ സ്ഥാപനങ്ങൾ, കൃഷി വകുപ്പ് എന്നിവയിൽ നിന്നും ലഭിച്ച 2,30,000 രൂപ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിക്കുകയും, റിവോൾവിംഗ് ഫണ്ടായി 1,50,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2018 ൽ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം TSR/CA/41/2018 നമ്പറായി രജിസ്റ്റർ ചെയ്ത സംഘത്തിന്റെ നിയമാവലിയനുസരിച്ച് വിപണന കേന്ദ്രത്തിന്റെ മേൽ നോട്ടം പഞ്ചായത്ത് ഭരണസമിതിയിൽ നിക്ഷിപ്തമാണ്. ഭരണ സമിതി അംഗീകരിച്ച വരവു ചെലവു കണക്കുകൾ കൃഷി

ഓഫീസർ പരിശോധിക്കേണ്ടതാണെന്നും കണക്കുകൾ ഓഡിറ്റ് ചെയ്ത് മൂന്ന മാസത്തിനുള്ളിൽ വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കുന്നതിനും ബജറ്റ്, പ്രവർത്തന റിപ്പോർട്ട്, പ്രവർത്തന റിപ്പോർട്ട് എന്നിവ പൊതു യോഗത്തിൽ അവതരിപ്പിക്കുന്നതിനും നിയമാവലിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നിർദ്ദേശങ്ങൾ പൂർണമായി പാലിച്ചുകാണുന്നില്ല.

കാർഷികോൽപന്നങ്ങളുടെ വിപണന ശ്രമങ്ങളിൽ മെച്ചപ്പെട്ട വില നൽകി കർഷകരെ സഹായിക്കുന്നതിനും, പ്രാദേശിക കാർഷികോൽപാദനവും വിപണനവും ശക്തിപെടുത്തുന്നതിനുമാണ് ഇക്കോഷോപ്പുകൾ ആരംഭിച്ചതെങ്കിലും മറ്റിടങ്ങളിൽ നിന്നും കാർഷികോൽപന്നങ്ങൾ കൊണ്ടുവന്ന വിൽക്കുന്ന കേന്ദ്രമായി ഇക്കോഷോപ്പ് മാറുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഉൽപന്ന സംഭരണത്തിനായി നൽകിയ റിവോൾവിംഗ് ഫണ്ട് വേതനം നൽകുന്നതിന് വിനിയോഗിക്കുന്നതായും കാണുന്നു. കൃഷി വകുപ്പ്, ഗ്രാമ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ നൽകിയ റിവോൾവിംഗ് ഫണ്ട് 1,50,000 രൂപയിൽ 10.7.19 ന് അക്കൗണ്ടിൽ നീക്കിയിരുപ്പായി കാണുന്നത് 98000 രൂപയാണ്. ബാക്കി തുകയുടെ കാർഷികോൽപന്നങ്ങൾ ഇക്കോഷോപ്പിൽ സ്റ്റോക്ക് ഉണ്ടോയെന്നത് സംബന്ധിച്ച വ്യക്തമായ കണക്കുകൾ സ്ഥാപനത്തിൽ ഇല്ല. 14.5.19 ന് ചേർന്ന പൊതുയോഗത്തിലും 18-19 വർഷത്തെ വരവ്-ചെലവ് കണക്കുകൾ താഴെ കാണും പ്രകാരം അവതരിപ്പിച്ച കാണുന്നു.

| | |
|---|---|
| വിറ്റു വരവ് | 1269901 |
| വാങ്ങൽ | 810792 |
| വൗച്ചർ | 497787 |
| പലവക | 36780 |
| ഡാമേജ് | 24836 |
| നീക്കിയിരുപ്പ് | 90000 |

മേൽ കണക്കുകളിൽ ആകെ സ്ഥാപനത്തിന് ലഭിച്ച റിവോൾവിംഗ് ഫണ്ട്, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയുടെ വിവരങ്ങൾ എന്നിവ രേഖപെടുത്തി കാണുന്നില്ല. വിറ്റുവരവ്, ചെലവ്, ലാഭം/ നഷ്ടം എന്നിവയുടെ കണക്കുകൾ മേൽ രേഖപെടുത്തലുകളിൽ നിന്നും ബോധ്യപെടുന്നില്ല. റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. പ്രാദേശിക കാർഷികോൽപാദന വിതരണത്തിൽ ഇക്കോഷോപ്പ് ഏത്രമാത്രം പ്രയോജനപ്രദമായെന്ന് വ്യക്തമല്ല. ഇക്കോഷോപ്പിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനും പഞ്ചായത്ത് പ്രോജക്കുകൾ രൂപീകരിക്കുന്നുവെന്നല്ലാതെ സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് പഞ്ചായത്ത് ആവശ്യമായ ഇടപെടൽ നടത്തിയതായി ഫയലിൽ നിന്നും വ്യക്തമല്ല. ആയതിനാൽ ഇക്കോഷോപ്പിന്റെ വരവ്-ചെലവ് കണക്കുകൾ, ലാഭ/നഷ്ട, ആസ്തി ബാധ്യതാ കണക്കുകൾ ഇനം തിരിച്ച് തയ്യാറാക്കി ഓഡിറ്റ് പരിശോധനയ്ക്ക് നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ഇക്കോഷോപ്പ് ബാധ്യതയായി മാറാതെ സ്ഥാപനം നഷ്ടം കൂടാതെ പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ കൃഷി വർക്കിംഗ് ഗ്രൂപ്പ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-4 മാലിന്യ സംസ്കരണ പദ്ധതികൾ-ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഫലപ്രദമായ മാലിന്യ സംസ്കരണം നടപ്പാക്കുന്നതിനായി വി.ഇ.ഒ.

കൈപ്പമംഗലം നിർവ്വഹണം നടത്തുന്നതിനായും 2018-19 വർഷത്തിൽ ആവിഷ്കരിച്ച താഴെ കാണുന്ന പദ്ധതികൾ സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

| പ്രോജക്ട് നം./പേര് | വകയിരുത്തിയ തുക | സ്പിൽ ഓവറാക്കിയതിന്റെ വിവരം | നടപ്പാക്കാത്തതിന്റെ കാരണം |
|---|---|---|---|
| 54/19-ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 525000 | 180/20 ആയി ഉൾപെടുത്തി | 18-19 ൽ ധന കാര്യ കമ്മീഷൻ ഗ്രാന്റ് ലഭിച്ചില്ല. |
| 31/19-മണ്ണിര കംപോസ്റ്റ് | 651000 | 183/20 ആയി ഉൾപെടുത്തി | ,, |
| 47/19-വയബിലിറ്റി ഗ്യാപ് ഫണ്ട് | 350000 | 69/20 ആയി ഉൾപെടുത്തി | പ്ലാസ്റ്റിക് നിർമ്മാർജന യൂണിറ്റ് പഞ്ചായത്തിൽ ഇല്ല. |

മാലിന്യ സംസ്കരണം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ സൃഷ്ടിക്കപെടുന്ന മാലിന്യത്തിന്റെ അളവ് സംബന്ധിച്ച സർവ്വെ നടത്തി ആദ്യഘട്ടത്തിൽ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് നിയന്ത്രിക്കുന്നതിനായി വാർഡ് തലത്തിൽ ഹരിത കർമ്മസേന രൂപീകരിക്കുകയും പ്രവർത്തനം നടത്തുന്നതിന് യൂസർ ഫീ മതിയാകാതെ വരുന്ന സാഹചര്യത്തിൽ (യൂസർ ഫീ നിശ്ചയിച്ചതായി കാണുന്നില്ല.) തുക നൽകുന്നതിന് വയബിലിറ്റ് ഗ്യാപ് ഫണ്ടിനത്തിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചാൽ ഇവ ഫലപ്രദമായി സൂക്ഷിക്കുന്നതിന് നിലവിൽ ഗ്രാമപഞ്ചായത്തിൽ ആവശ്യമായ സംവിധാനം ഇല്ല. മാലിന്യ സംസ്കരണം കാര്യക്ഷമമായി നടപ്പാക്കാൻ ബ്ലോക്ക് തലത്തിൽ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ച് ക്ലീൻ കേരളയുമായി കരാറിലേർപെട്ട് മാലിന്യങ്ങൾ കൈമാറുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിലവിൽ ബ്ലോക്ക് തലത്തിൽ ഇത്തരം സംവിധാനങ്ങൾ ഇല്ല. അതുകൊണ്ടുതന്നെ വാലിഡേഷൻ ക്രമീകരണത്തിന്റെ ഭാഗമായി പ്രോജക്ടുകൾ തയ്യാറാക്കുന്നുവെന്നല്ലാതെ ഇവ പ്രായോഗികമായി നടപ്പാക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ നിലവിലില്ല. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് പ്ലാസ്റ്റിക്കിനെ ഷ്രെഡിംഗ് നടത്തി റോഡ് നിർമ്മാണത്തിനുപയോഗിക്കുന്നതിനും നിലവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഷ്രെഡിംഗ്/ബെയ് ലിംഗ് യൂണിറ്റുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ഇത്തരത്തിലുള്ള മാലിന്യ സംസ്കരണവും നടപ്പാക്കാനാവാത്ത സ്ഥിതിയാണുള്ളത്.

കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനു പകരമായി ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച ഗാർഹിക ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കംപോസ്റ്റ് എന്നിവയും ഫണ്ടിന്റെ അപര്യാപ്തത മൂലം സ്പിൽ ഓവറായി മാറുകയാണുണ്ടായത്. മാലിന്യ സംസ്കരണം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ഫലപ്രദമായ ഇടപെടൽ/ മോണിറ്ററിംഗ് എന്നിവ ഇല്ലാത്തതു മൂലമാണ് ഇത്തരത്തിൽ സംഭവിക്കാനിടയായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ മാലിന്യ സംസ്കരണത്തിന് അതീവ പരിഗണന നൽകി മാലിന്യ വിമുക്തമായ പഞ്ചായത്താക്കി ഗ്രാമപഞ്ചായത്തിനെ മാറ്റുന്നതിന് ആവശ്യമായ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-5 വയോജനങ്ങൾക്ക് കട്ടിൽ - അപേക്ഷകൾ

# മുഴുവൻ ഹാജരാക്കിയില്ല.

പ്രോജക്ട് നം. -S065/19

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസി.സെക്രട്ടറി.

ട്രഷറി ബിൽ നം 14/2018-19.dtd.28.3.19. 261000/-

വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ടിൽ ഒരു കട്ടിലിന് 4350 രൂപ നിരക്കിൽ 60 കട്ടിൽ വാങ്ങിയതിന് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്ന സർക്കാർ സ്ഥാപനത്തിന് 261000/- രൂപ നൽകിയിട്ടുണ്ട്.എന്നാൽ പ്രോജക്ട് പരിശോധനയിൽ 51 അപേക്ഷകൾ മാത്രമാണ് കാണാൻ കഴിഞ്ഞത്. 4 ഗുണഭോക്താക്കൾ കട്ടിൽ വേണ്ടാ എന്നറിയിച്ചിട്ടുണ്ട്.കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് രണ്ട് കട്ടിലുകൾ അലസമായി സൂക്ഷിച്ചിട്ടുണ്ട്.കട്ടിലിന്റെ മുകൾ ഭാഗം പ്ലൈവുഡ് അടിച്ചിട്ടുള്ള മരത്തിന്റെ കട്ടിലുകളാണ്.മഴയുള്ളൽ അടിച്ച് ആയത് നശിച്ച് പോകുവാൻ വളരെ സാധ്യതയുണ്ട്.ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ മുഴവൻ ഗുണഭോക്താക്കൾക്കും വിതരണം ചെയ്തു എന്നുള്ള ആക്വിറ്റൻസ് രജിസ്റ്റർ ഹാജരാക്കിയെങ്കിലും, ആയതിൽ ക്രമപ്രകാരം നമ്പർ ഇട്ടു രേഖപ്പെടുത്തിയിട്ടില്ല.ഹാജരാക്കാത്ത അപേക്ഷകൾ, കൃത്യമായ വിതരണ ലിസ്റ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.അപേക്ഷകൾ ഹാജരാക്കാത്ത 9 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത കട്ടിലിന്റെ തുക (4350*60 =261000) 39150/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-6 ബാലസഭ പ്രവർത്തന വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം.S059/19.

ട്രഷറി ബിൽ നം.5/2018-19.dtd.23.1.19. 25000/-

ട്രഷറി ബിൽ നം.9/2018-19.dtd.21.3.19. 25000/-

ബാല സഭ പ്രവർത്തനങ്ങൾ നടത്തുന്നതിനായി മേൽ തുക പിൻവലിച്ചിട്ടുള്ളത് . എന്നാൽ ആയത് സംബന്ധിച്ച മിനിട്ട്സ്, പങ്കെടുത്തവരുടെ ഹാജർ, പ്രവർത്തനം സംബന്ധിച്ച ഫോട്ടോഗ്രാഫ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല..ട്രഷറി ബിൽ 5 പ്രകാരം ഹർഷ കുടുംബശ്രീ കാറ്ററിംഗ് സർവ്വീസിന് ഭക്ഷണം നൽകിയതിന് 20615/- രൂപയും സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയതിന് ബി.ആർ എസ്.സ്റ്റേഷനറി എന്ന സ്ഥാപനത്തിന് 4385/- രൂപയും നൽകി ട്രഷറി ബിൽ നം.9പ്രകാരം 80 രുപ നിരക്കിൽ 250 ഊണിന് 20000/- രൂപയും ചായ 8 രൂപ നിരക്കിൽ 250 എണ്ണത്തിന് 2000/- രൂപയും പഫ്സ് 12 രൂപ നിരക്കിൽ 250 എണ്ണത്തിന് 3000/- രൂപ ഉൾപ്പെടെ മൊത്തം 25000/- രൂപ ഹർഷ കുടുംബശ്രീ യൂണിറ്റിന് നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിൽ 45615/- രൂപ ഭക്ഷണ ആവശ്യത്തിന് മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. പ്രോജക്ട് സംബന്ധിച്ച പ്രവർത്തന റിപ്പോർട്ട്,മിനിട്ട്സ്,പങ്കെടുത്തവരുടെ ഹാജർ വിവരങ്ങൾ എന്നിവ യഥാവിധി ഹാജരാക്കേണ്ടതാണ്.പ്രോജക്ട് ശരിയായ രീതിയിൽ നടപ്പിലാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ട് പ്രവർത്തനം സംബന്ധിച്ച സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 50,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-7 വനിതകൾക്ക് തൊഴിൽ - ഇരുചക്ര വാഹനം നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം - S099/19
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി.
ട്രഷറി ബിൽ നം.8/2018-19.dtd.19.3.19. 90000/-
ട്രഷറി ബിൽ നം.10/2018-19.dtd.21.3.19. 90000/-
ട്രഷറി ബിൽ നം.13/2018-19.dtd.26.3.19. 30000/-

മേൽ പ്രോജക്ടിൽ ഇരുചക്ര വാഹനം വാങ്ങുന്നതിനായി 7 വനിതകൾക്ക് 30000/- രൂപ വീതം സബ്സീഡി ഇനത്തിൽ മൊത്തം 210000/-രൂപ നൽകിയിട്ടുണ്ട്.മൂന്നുപീടിക ജോൺസ് ഹോണ്ട എന്ന സ്ഥാപനത്തിൽ നിന്നും ഇരുചക്രവാഹനങ്ങൾ വാങ്ങിയ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.സർക്കാർ ഉത്തരവ് (കൈ) നം.22/2018/തസ്വഭവ തി.14.2.18. ഖണ്ഡിക നം.6.4-9 പ്രകാരം തൊഴിൽ രഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ ആപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം എന്ന് അനുശാസിക്കുന്നുണ്ട്.എന്നാൽ ഗുണഭോക്താക്കൾ ആരും തന്നെ തങ്ങൾ ഇപ്രകാരമുള്ളവരാണെന്നോ, ഇപ്രകാരം തൊഴിൽ ചെയ്യാൻ തയ്യാറുള്ളവരാണെന്നോ ഉള്ള സത്യവാങ്ങ്മൂലം നൽകിയിട്ടില്ല.നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കൾ ഇപ്രകാരം ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം ചെയ്യുന്നവരാണെന്ന് ആന്വേഷിച്ച് ഉറപ്പ് വരുത്തിയിട്ടുള്ള സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഷീജ ഉണ്ണികൃഷ്ണൻ, ജിസി.സി.എസ്.എന്നീ ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. പട്ടികജാതി വികസന ഓഫീസറിൽ നിന്നും ഇതേ ആനുകൂല്യം മുമ്പ് ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 2,10,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-8 സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

2018-19 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| പ്രോജക്ടിന്റെ പേര്,നമ്പർ | ട്രഷറി ബിൽ നമ്പർ, തിയതി, തുക. | തുക നൽകിയിട്ടുള്ളത് | റിമാർക്സ് |
|---|---|---|---|
| ഐ.കെ.എം. വിഹിതം നൽകൽ.<br>s005/19 | 3/2018-19. dtd.10.7.18.<br>91143/- | പ്രോജക്ട് ഡയറക്ടർ ഐ.കെ.എം | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ<br>s0051/19 | 24/2018-19. dtd.25.3..19.<br>106677/-<br>25/2018-19. dtd.25.3.19.<br>32616/- | കെൽട്രോൺ | സ്റ്റോക്ക് രജിസ്റ്റർ, കൈപറ്റ് രശീത്, വിതരണരേഖ എന്നിവ ഹാജരാക്കിയിട്ടില്ല. |
| 12ാം വാർഡിൽ പൈപ്പ് | 1/2018-19. | കേരള വാട്ടർ | പൂർത്തീകരണ |

| | | | |
|---|---|---|---|
| ലൈൻ മാറ്റി സ്ഥാപിക്കൽ. s0082/19 | dtd.31.5.18. 36002/- ch: N0.0727663. Dtd.28.6.18. 3998/- | അതോറിറ്റി | സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| ആയുർവേദാശുപത്രിയ്ക്ക് ഉപകരണങ്ങൾ (കമ്പ്യൂട്ടർ,ഫോട്ടോസ്റ്റാറ്റ് കം പ്രിന്റർ. | 26/2018-19 dtd.25.3.19. 35559/- 27/2018-19. dtd.25.3.19. 34441/- | കെൽട്രോൺ | സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റ് രശീത്, വിതരണരേഖ എന്നിവ ഹാജരാക്കിയിട്ടില്ല. |

ഓഡിറ്റ് എൻക്വയറി 11 നുള്ള മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും മറുപടി ലഭിയ്ക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 340436/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 11/2019 തിയതി.09.07.2019)

# 3-9 ഇന്ധന ക്ഷമത ടെസ്റ്റ്, മാസാന്ത്യ സംക്ഷിപ്തം എന്നിവ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് വാഹനമായ KL.47G-2814 ബൊലേറോ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയതിന്റെ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല. ഇന്ധനക്ഷമത എല്ലാവർഷവും കൃത്യസമയത്ത് നടത്തേണ്ടതും ആയതിന്റെ സാക്ഷ്യപത്രം ലോഗ്ബുക്കിൽ പതിച്ചിരിക്കേണ്ടതുമാണ്.ഇന്ധനത്തേയും അറ്റകുററപണികളേയും സംബന്ധിച്ചുള്ള വിവരങ്ങൾ ലോഗ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതാണ്. തൻമാസത്തെ ഇന്ധന ഉപഭോഗം സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസ അവസാനത്തെ മാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വാഹത്തിന്റെ ഇന്ധന ഉപഭോഗം സംബന്ധിച്ച സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച സർക്കുലർ നം.41/2008/ധനം.2/8/2008 നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

# 3-10 ധനകാര്യ കമ്മീഷൻ അവാർഡ്--വകയിരുത്തിയത് മാർഗ്ഗരേഖ പ്രകാരമല്ല.

പദ്ധതി നമ്പർ-SO104/19

സ്മാർട്ട് ക്ലാസ്സ് മുറിയിലേക്ക് ഫർണീച്ചർ വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥ – എച്ച്.എം, ഗവ.എൽ.പി.സ്കൂൾ.

അടങ്കൽ – 2,00,000

ചെലവ് – 2,00,000

ട്രഷറി ബിൽ നം.7/11-3-19

മേൽ പദ്ധതി പ്രകാരം കേരള സ്മോൾ ഇൻടസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്ന് (ബിൽ നം.OLR/18-19/306തിയ്യതി31-1-19)സ്മാർട്ട് ക്ലാസ് മുറികളിലേക്ക് ബെഞ്ചുകളും ഡെസ്കുകളും വാങ്ങിയിട്ടുണ്ട് 6-3-18 തിയ്യതിയിലെ സ്റ്റാൻഡിങ്ങ് കമ്മിറ്റി ശുപാർശ നം.1,19-3-18 തിയ്യതിയിലെ ഭരണാനുമതി നമ്പർ 1 എന്നിവ പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡാണ് ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. 29-1-18 ലെ സ.ഉ(കെ)നം.11/18 ത.സ്വ.ഭ.വ പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖ 6/6പ്രകാരം അടിസ്ഥാന സേവന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, വിപുലപ്പെടുത്തുന്നതിനും മാത്രമാണ് ടി ഫണ്ട് ഉപയോഗപ്പെടുത്തേണ്ടത്. പദ്ധതി ആസൂത്രണത്തിൽ മാർഗ്ഗരേഖ നിർദ്ധേശങ്ങൾ പാലിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 3-11 സ്പോർട്സ് കിറ്റ് വിതരണം -കായിക വിനോദ സൗകര്യങ്ങൾ വികസിപ്പിക്കണം

പദ്ധതി നമ്പർ – S0055/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – എച്ച്.എം., ജി.എൽ.പി.എസ്.

ഹെഡ് മാസ്റ്റർ ഗവ.എൽ.പി സ്കൂൾ നടപ്പാക്കിയ പദ്ധതി പ്രകാരം വീക്കോ ട്രേഡിങ്ങ് എന്ന സ്ഥാപനത്തിൽ നിന്നും (ബിൽ നമ്പർ 036/14-3-19,ട്രഷറി ബിൽ നംമ്പർ12-21-3-19 തുക 15800) ഫുട്ബോൾ, ക്രിക്കറ്റ് ബാറ്റ്, ഷട്ടിൽ ബാറ്റ് എന്നിവയടങ്ങിയ സ്പോർട്ട്സ് കിറ്റ് വാങ്ങി നാല് രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ടി കായിക വിനോദങ്ങൾക്കായുള്ള കളിക്കളങ്ങൾ പഞ്ചായത്തിലുണ്ടോയെന്ന ഓഡിറ്റ് അന്വേഷണം നമ്പർ 5 തീയതി.09.07.19-ന് ലഭ്യമാക്കിയ മറുപടി പ്രകാരം പഞ്ചായത്തിന് പൊതുവായ കളിസ്ഥലം ഇല്ലായെന്നും സ്വകാര്യ ഉടമസ്ഥതയിലുള്ള പാടങ്ങളിലും പറമ്പുകളിലുമാണ് കായിക വിനാദങ്ങളിലേർപ്പെടുന്നതെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പൊതുവായ കായികവിനോദങ്ങൾക്ക് ഗവ.ഫിഷറീസ് സ്കൂളിന്റെ ഗ്രൗണ്ട് ഉപയോഗപ്പെടുത്തുന്നുണ്ടെന്നും, ഗ്രാമതല സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 29.01.18 തീയതിയിലെ സ.ഉ(കെ)11/18/ത.സ്വ.ഭ.വ വാർഷിക പദ്ധതി മാർഗ്ഗരേഖ തയ്യാറാക്കൽ 7 ൽ 10 പ്രകാരം 13-ാം പദ്ധതിയിൽ കായികരംഗത്ത് പഞ്ചായത്തുകൾ കൂടുതൽ സജീവമായി ഇടപെടേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നുണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയമെങ്കിലും, ഒരു വാർഡിൽ ഒരു കളിസ്ഥലവും ഒരുക്കുന്നതിനും നിലവിലുള്ള സർക്കാർ സ്കൂളുകളിലെ കളിസ്ഥലങ്ങളുടെ മേന്മവൽക്കരണത്തിന് പ്രാധാന്യം നൽകുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണെന്നും, ഗ്രാമതല സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 3-12 മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ തെരുവു വിളക്കുകൾക്കും സ്ട്രീറ്റ് ടാപ്പുകൾക്കും മീറ്ററിങ്ങ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

എ) ഗ്രാമപഞ്ചായത്തിൽ പൂർണ്ണമായ രീതിയിൽ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രാദായംഏർപ്പെടുത്തിയിട്ടില്ല.തെരുവ് വിളക്ക് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ആയതിൽ ഗ്രാമ

പഞ്ചായത്തിൽ ആകെയുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, നിരക്ക് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.മീറ്റേർഡ് തെരുവു വിളക്കുകളുടേയും മീറ്ററില്ലാത്ത തെരുവ് വിളക്കുകളുടേയും വൈദ്യുതി നിരക്ക് ഓരോ മാസത്തേയും പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സർക്കുലർ നം.65529/DC/3/12 തസ്വഭവ തി.12.3.2013 നടപടിക്രമം പാലിക്കേണ്ടതാണ്.

ബി) സ്ട്രീറ്റ് ടാപ്പുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. 354 സ്ട്രീറ്റ് ടാപ്പിന്റെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 154875 രൂപ അടവാക്കി വരുന്നു. വെള്ളക്കര ഇനത്തിൽ തൻവർഷം 1858500/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ ഹാജരാക്കിയതിൽ 311 സ്ട്രീറ്റ് ടാപ്പുകളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ 354 സ്ട്രീറ്റ് ടാപ്പുകളുടെ തുക വാട്ടർ അതോറിറ്റിയിൽ അടവാക്കി വരുന്നു.സർക്കാർ ഉത്തരവ് (സാ) നം.1275/2009/തസ്വഭവ.തി.30.5.2009 പ്രകാരം ഉപയോഗിക്കുന്ന ജലത്തിന് മാത്രമെ പണം നൽകുന്നുള്ളു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സ്ട്രീറ്റ് ടാപ്പുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-13 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - മാർഗ്ഗ നിർദേശങ്ങൾ പാലിക്കാതെ വിനിയോഗിച്ചു

GO(MS)/4/16/11/1/16-ലെ ഉത്തരവിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനെപ്പറ്റി വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ശുചിത്വം, ആരോഗ്യം, കുടിവെള്ളം, കമ്മ്യൂണിറ്റി ആസ്തി, റോഡ് എന്നിവ സംബന്ധിച്ച സംരക്ഷണം, പരിപാലനം എന്നിവക്കാണ് പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കേണ്ടത്. എന്നാൽ മാർഗനിർദേശത്തിൽ സൂചിപ്പിക്കാത്ത ടാറിങ് പ്രവൃത്തിക്കായി ഗ്രാന്റ് വിനിയോഗിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രവൃത്തി | ബിൽ നം. | തുക |
|---|---|---|---|---|
| 1 | 65/19 | AKG റോഡ് ടാറിങ്ങ് | 47/9/3/18 | 744047 |
| 2 | 71/19 | ജയതിലക റോഡ് ടാറിങ്ങ് | 45/7/3/18 | 665881 |
| 3 | 165/19 | മഹാത്മാഗാന്ധി റോഡ് ടാറിങ്ങ് | 26/24/11/18 | 200000 |
| 4 | 171/19 | ഇന്ദിരാജി റോഡ് ടാറിങ്ങ് | 8/23/7/18 | 283397 |
| 5 | 173/19 | കലിത്തറ റോഡ് ടാറിങ്ങ് | 49/19/3/19<br>21/15/11/18 | 44555479<br>157179 |
| 6 | 178/19 | കിളിക്കോട്ട് റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് | 3/13/7/18 | 163933 |
| 7 | 179/19 | സേവന അംഗൻവാടി റോഡ് ടാറിങ്ങ് | 4/13/7/18 | 115627 |
| 8 | 187/19 | വിളക്ക് പറമ്പ് റോഡ് ടാറിങ്ങ് | 38/82/19 | 345783 |

ഇതുകൂടാതെ എ.കെ.ജി റോഡിന്റെ റിനോവേഷന്റെ ഭാഗമായി (pro no.106/19) 325278.75രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി മാത്രം ഗ്രാന്റ് തുക ചെലവഴിക്കേണ്ടതാണ്.

# 3-14 ബിൽ സൂക്ഷ്മപരിശോധന ആധികാരികമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെപറയുന്ന പ്രവൃത്തികൾ അവ പൂർത്തീകരിക്കുന്നതിനുമുമ്പേ സൂക്ഷ്മപരിശോധന നടത്തിയതായി അവയുടെ അളവുപുസ്തകങ്ങൾ പരിശോധിച്ചപ്പോൾ കണ്ടു.

| പ്രൊജക്റ്റ് നം | പ്രവൃത്തി | പൂർത്തീകരിച്ച തീയ്യതി | അളവ് പുസ്തകം | ബിൽ സൂക്ഷ്മ പരിശോധന തിയ്യതി | ബിൽ നമ്പർ | തുക |
|---|---|---|---|---|---|---|
| 171/19 | ഇന്ദിരാജി റോഡ് ടാറിങ്ങ് | 5/5/18 | 94/16-17 | 24/4/18 | 8/23/7/18 | 283397 |
| 179/19 | സേവന അംഗൻവാടി റോഡ് ടാറിങ്ങ് | 10/5/18 | 78/16-17 | 30/4/18 | 4/13/7/18 | 115627 |

പ്രവൃത്തി പൂർത്തീകരണശേഷം സൂക്ഷ്മതയോടെ ചെയ്യേണ്ടതാണ് ബിൽ സൂക്ഷ്മപരിശോധന. മേൽകാണിച്ച അപാകത ബിൽ സൂക്ഷ്മപരിശോധന ആധികാരികമായും സൂക്ഷ്മമായും ചെയ്യുന്നില്ല എന്ന് സൂചിപ്പിക്കുന്നതാണ്. ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ നിയുക്തരായ ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 13/10/7/19)

# 3-15 തൊഴിലുറപ്പുപദ്ധതി-അങ്കണവാടി നിർമാണം - അപാകതകൾ

അഞ്ചു ലക്ഷം രൂപ തൊഴിലുറപ്പുപദ്ധതി,രണ്ട് ലക്ഷം രൂപ വീതം ഐ.സി.ഡി.എസ്.കേന്ദ്ര വിഹിതം എന്നിവ ഉൾപെടെ പത്ത് ലക്ഷം രൂപ അടങ്കലിലാണ് പ്രസ്തുത കെട്ടിടം നിർമിക്കാൻ ലക്ഷ്യമിട്ടത്. 11.7.19 ൽ നടത്തിയ ഭൗതികപരിശോധനയിൽ കെട്ടിടം പണി മിക്കവാറും പൂർത്തീകരിച്ച് അംഗൻവാടി പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്.എന്നാൽ മൊത്തം ഇനങ്ങളുള്ള ഈ പ്രവൃത്തിയുടെ ഇനമായ സോളിഡ് ബ്ളോക്ക് പ്രവൃത്തിവരെ മാത്രമേ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.ബാക്കിയുള്ള ഇനങ്ങൾ ചെയ്തത് അളവുപുസ്തകത്തിൽ രേഖപ്പെടുത്താത്തത് ആധികാരികമായ നടപടിയല്ല. എം.ബുക്കിൽ അളവെടുത്ത ഇനങ്ങളുടെ മൊത്തം പ്രവൃത്തിമൂല്യം തയ്യാറാക്കിയിട്ടുമില്ല. തുക അനുവദിച്ചത് സംബന്ധിച്ച ചെക്ക്, വൗച്ചർ നം. വ്യക്തമാക്കുവാനും അപാകതകൾക്ക് വിശദീകരണം നൽകുവാനും നം.21/12/7/19 എൻക്വയറി പ്രകാരം നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല

# 3-16 142-ാംനമ്പർ അങ്കണവാടിയുടെ അപര്യാപ്തതകൾ പരിഹരിക്കേണ്ടതാണ്

തൊഴിലുറപ്പുപദ്ധതി, ഐ.സി.ഡി.എസ് കേന്ദ്രവിഹിതം, ജില്ലാപഞ്ചായത്ത് ഫണ്ട് (യഥാക്രമം 5 ലക്ഷം, 2 ലക്ഷം, 3 ലക്ഷം) എന്നിവ ഉപയോഗിച്ച് നിർമിച്ച് ഈ കെട്ടിടത്തിൽ മോട്ടോർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കുടിവെള്ള കണക്ഷൻ ഇതുവരെ ലഭ്യമായിട്ടില്ല, സമീപവീട്ടിൽ നിന്നാണ് കുടിവെള്ളം കൊണ്ടുവരുന്നത്. ഹാൻഡ് റെയിൽ ഫിറ്റിങ്, ഫ്ളഷ് ടാങ്ക് ഫിറ്റിങ്, റാമ്പ്, സിങ്ക് , സാധനങ്ങൾ വെക്കുവാനുള്ള സ്ളാബുകൾ, ബാത്ത് റൂം വെന്റിലേറ്റർ എന്നിവ ചെയ്തിട്ടില്ല.

മേൽപറഞ്ഞ അപര്യാപ്തതകൾ എത്രയും വേഗം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മതിലകം ബ്ലോക്ക് പഞ്ചായത്ത് | (2017-18 ബാലൻസ് | 38461 | അയിരൂർ കോളനി | 0 | 38461 |
| „ | 2018-19 | 500000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| „ | 2018-19 | 300000 | പെയിൻ ആന്റ് പാലിയേറ്റിവ് കെയർ | 300000 | 0 |
| „ | 2018-19 | 500000 | അംഗൻവാടി പോഷകാഹാരം | 500000 | 0 |
| „ | 2017-18 (SO) | 100000 | ഫിഷർമാന് വല നൽകൽ | 100000 (ROP അടച്ചു) | 0 |
| „ | 2017-18 | 300000 | പാലുത്പാദകർക്ക് സബ്സിഡി | 293460 | 6540 |
| „ | 2018-19 | 400000 | വഴിയമ്പലം അഗസ്ത്യീശ്വരം റോഡ് റിടാറിംഗ് | 400000 | 0 |
| „ | 2018-19 | 1958260 | ലൈഫ് മിഷൻ ഭവന നിർമ്മാണം | 1120000 | 838260 |
| „ | 2018-19 | 300000 | RC പള്ളിനട കിഴക്ക് ചെന്ത്രാപ്പിന്നി റോഡ് ടാറിംഗ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | അംഗൻവാടി പോഷകാഹാരം | 141662 | 58338 |
| | “ | 2051348 | ലൈഫ് മിഷൻ ഭവന നിർമ്മാണം | 1920000 | 131348 |
| „ | 2018-19 | 450000 | പാലിയേറ്റിവ് കെയർ | 0 | 450000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ

# തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | പഞ്ചായത്ത് ഓഫീസിലേക്ക് സോളാർ പവർ പ്ളാന്റ് സ്ഥാപിക്കൽ | 37/28.3.2018<br>38/28.3.2018<br>21800709/21800 757 | 622500<br>81375 | 0 | 622500<br>81375 |
| കേരള വാട്ടർ അതോറിറ്റി | പട്ടികജാതി കോളനിയിലേക്ക് പൈപ്പ് ലൈൻ വലിക്കൽ | 21700979,21701157/23.2.2018 | 110000 | 0 | 110000 |
| കേരള വാട്ടർ അതോറിറ്റി | അംഗൻവാടികളിലേക്ക് കുടിവെള്ള കണക്ഷൻ | 21701003,21701054/ 28.02.18 | 140000 | 0 | 140000 |
| കേരള വാട്ടർ അതോറിറ്റി | 6ാം വാർഡിലെ പൊതുടാപ്പ് മാറ്റി സ്ഥാപിക്കൽ | cheque no24168/24.3.17 | 45000 | 0 | 45000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ സ്ഥാപിക്കൽ | 21800182/ 31.03.19 | 36002 | 0 | 36002 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(എംഎസ്) 943/2012/LSGD dt 29.3.2012 | 9555737 | 2800975 | 900000 | - | 1900975 |

| | | | | | | |
|---|---|---|---|---|---|---|
| വായ്പ തിരിച്ചടവ് | | | | | | |
| KURDFC | 2018-19 | 1,55,77,460 | | | | 1,55,77,460 |

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>സമാഹൃത ഓഡിറ്റ് മറുപടി</u>

<u>2015-16</u>

| ക്രമ നമ്പർ | ഓഡിറ്റ് വിഷയം/ പാര/ വർഷം | ഓഡിറ്റ് പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | തൊഴിൽ നികുതി 2.2/2015-16 | പുതിയതായി ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ 60 ദിവസത്തെ സ്ഥാപന നിരീക്ഷണത്തിനു ശേഷം തൊഴിൽ നികുതി റിട്ടേൺ നൽകാൻ നോട്ടീസ് നൽകുകയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് | തീർപ്പാക്കിയിട്ടില്ല |

# 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

<u>(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇത് സംബന്ധിച്ച രജിസ്റ്റർ സ്ഥാപനത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

<u>(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇത് സംബന്ധിച്ച രജിസ്റ്റർ സ്ഥാപനത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,63,45,466 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,60,38,414 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 639586 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 39150 | ശ്രീ.സുഹാസ്, അസി. സെക്രട്ടറി |
| 3-6 | 50,000 | ശ്രീ.സുഹാസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 131143 | മുഹമ്മദ് റഫീക്ക്, സെക്രട്ടറി |
| | 2092293 | ശ്രീ.സുഹാസ്, അസി. സെക്രട്ടറി (സെക്രട്ടറി I/C) |
| 3-7 | 210000 | ശ്രീ. സുഹാസ്, അസിസ്റ്റന്റ് സെക്രട്ടറി |
| | 639586 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക 3-2

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

2-6

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 76-77 | എൽ.എഫ്.ടി21-922/96/1/7/96 | | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം ചേർക്കുന്ന രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. |
| 77-78 | എൽ.എഫ്.ടി11-868/80/23/6/80 | | ” |
| 80-81 | എൽ.എഫ്.ടി11-3013/83/13/01/84 | | |
| 83-84 | എൽ.എഫ്.ടി11-529/88/14/09/88 | | |
| 84-85 | എൽ.എഫ്.ടി11-140/89/30/09/88 | | |
| 85-86, 86-87 | എൽ.എഫ്.ടി11-508/91/29/07/91 | | |
| 88-89, 89-90 | എൽ.എഫ്.ടി11-197/93/17/11/94 | | |
| 90-91 | എൽ.എഫ്.ടി11-1672/94/30/03/95 | | |
| 91-92, 93-94 | എൽ.എഫ്.ടി11-825/95/31/05/96 | | |
| 94-95 | എൽ.എഫ്.ടി19-2/2001/05.03.01/03.04.01 | | |
| 96-97 | എൽ.എഫ്.ടി19-759/98/03/10/98 | | |
| 97-98 ചെലവ് | എൽ.എഫ്.ടി19-1011/99/23/9/99 | | |
| 98-99 ചെലവ് | എൽ.എഫ്.ടി19-1040/00/28/10/2000 | | |
| 99-2000,2000-01, 2001-2002 | എൽ.എഫ്.ടി12-1092/03/2/1/04 | | |
| 95-96 ജനകീയാസൂത്രണം | എൽ.എഫ്.ടി12-1092/03/07/01/04 | | |
| 97-98 വരവ് | എൽ.എഫ്.ടി12-1433/07/07/01/08 | | |
| 98-99 വരവ് | എൽ.എഫ്.ടി12-1434/07/07/01/08 | | |
| 99-2000 | എൽ.എഫ്.ടി12-1435/07/07/01/08 | | |
| 2000-01 | എൽ.എഫ്.ടി12-1472/07/07/01/08 | | |
| 2001-02 | എൽ.എഫ്.ടി12-648/08/20/7/09 | | |
| 2002-03 | എൽ.എഫ്.ടി12-649/08/20/7/09 | | |
| 2003-04 | എൽ.എഫ്.ടി12-190/09/26/5/10 | | |
| 2004-05 | എൽ.എഫ്.ടി12-282/09/20/08/10 | | |
| 2005-06 | എൽ.എഫ്.ടി12-1598/09/20/1/11 | | |
| 2006-07 | എൽ.എഫ്.ടി12-1599/09/20/01/11 | | |
| 2007-08 | എൽ.എഫ്.ടി13-1311/11/24/11/11 | | |
| 2008-09 | എൽ.എഫ്.ടി.പി13-1312/12/10/10/11 | | |
| 2009-10, 2010-11 | എൽ.എഫ്.ടി.പി13-29/13/25/03/13 | | |

| | | | |
|---|---|---|---|
| 2011-12 | എൽ.എഫ്.ടി.പി3-1404/13/15/01/14 | | |
| 2012-13 | എൽ.എഫ്.ടി.പി3-1246/13/15/01/14 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (പി3)79/16/28.01.16/15.03.16 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി3)920/16/20.06.16/12.07.16 | | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി3)1939/16/22.11.16 | | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി3)1706/17/29.11.17/29.12.17 | | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (പി3)1390/18/9.11.18/23.11.18 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൈപ്പമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചേർത്ത പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ